പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2108 — 11.02.2020 ൽ മറുപടിയ്ക്ക്

**കാഴ്ച പദ്ധതി**

ചോദ്യം — മറുപടി

ശ്രീ.കെ.സുരേഷ് കുറുപ്പ് — കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കാഴ്ച പരിമിതി ഉള്ളവർക്കായി സർക്കാർ നടപ്പാക്കുന്ന 'കാഴ്ച' എന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ ;<br><br>(ബി) പ്രസ്തുത പദ്ധതിയിൽ എത്ര ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (എ)യും (ബി)യും<br>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ കാഴ്ച പരിമിതർക്ക് സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 1000 കാഴ്ച പരിമിതർക്ക് സ്മാർട്ട് ഫോണും ഉപയോഗത്തിന്റെ പരിശീലനവും നൽകുന്ന പദ്ധതിയാണിത്. ആൻഡ്രോയിഡ് സ്മാർട്ട് ഫോണുകൾ ഉപയോഗിച്ച് ടിയാളുകളുടെ ചുറ്റുപാടുള്ള സാഹചര്യങ്ങൾ ഒരു പരിധി വരെ അറിയുന്നതിനും ദൈനംദിന ജീവിതത്തിന് ആവശ്യമായ കാര്യങ്ങൾ, പണം സംബന്ധമായ ഇടപാടുകൾ, വിദ്യാഭ്യാസം, വിനോദം ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും ഓൺലൈൻ മുഖാന്തിരം ലഭ്യമാകുന്ന അവസ്ഥയിൽ കാഴ്ച വെല്ലുവിളി നേരിടുന്നവർക്ക് കൂടി മേൽപ്പറഞ്ഞ എല്ലാ കാര്യങ്ങളും നിർവഹിക്കുന്നതിനുള്ള പദ്ധതിയാണിത്.<br>പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു .<br>1. കാഴ്ച വെല്ലുവിളി നേരിടുന്ന വ്യക്തികൾക്ക് ആൻഡ്രോയിഡ് അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഉപകരണങ്ങളിൽ വിദഗ്ധ പരിശീലനം നൽകുക. |

| | |
|---|---|
| | 2. പുത്തൻ സാങ്കേതിക വിദ്യകളിൽ കാഴ്ചയില്ലാത്ത വ്യക്തികൾക്ക് അറിവും, അഭിരുചിയും വളർത്തുക.<br>3 . ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ കാഴ്ചപരിമിതികൊണ്ടുണ്ടാകുന്ന പ്രയാസങ്ങൾ കഴിയുന്നത്ര മറികടക്കുക.<br>4.കാഴ്ച വെല്ലുവിളി നേരിടുന്ന വ്യക്തികളിൽ ആത്മ വിശ്വാസവും , പ്രത്യാശയും വളർത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക.<br>5. വിദ്യാഭ്യാസം, തൊഴിൽ എന്നീ രംഗങ്ങളിൽ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുക.<br>6. സമൂഹത്തിൽ കാഴ്ച വെല്ലുവിളി നേരിടുന്ന വ്യക്തികളെക്കുറിച്ച് മെച്ചപ്പെട്ട അവബോധം വളർത്തുക .<br>7. പരിശീലനത്തോടൊപ്പം സ്മാർട്ട് ഫോൺ കൂടി ലഭ്യമാക്കുക. |

സെക്ഷൻ ഓഫീസർ